


പൈതൃകം
R.M.V.H.S
Perinjanam


വീണപൂവ്
കുമാരനാശാൻ
KERALA BOOK STORE.COM

# വീണപൂവ്

**ഹാ!** പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ-
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ? **1**

ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ **2**

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ **3**

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ **4**

ഈവണ്ണമമ്പൊടു വളർന്നഥ നിൻറെയംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. **5**

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന, സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ; ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ. **6**

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ-
വൈരിയ്ക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി-
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം. **7**

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ; ചിത്രമല്ല-
തില്ലാർക്കുമീഗുണവു, മേവമകത്തു തേനും. **8**

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം. **9**

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റെ-
യീ ലോലമേനി പറയുന്നനുകമ്പനീയം. **10**

അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ-
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം;
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ. **11**

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ച
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം. **12**

"എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാൻ
എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ"
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു? **13**

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗുണത്താ-
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ. **14**



# നമ്മുടെ നാട്

നിരഞ്ജന പി.എസ്

കേരളം നമ്മുടെ നാടാണെ...

നമ്മുടെ സ്വന്തം നാടാണെ...

ദൈവത്തിൻ്റെ നാടാണെ...

തെങ്ങിൻ തോപ്പുകളുടെ നാടാണെ...

തിങ്ങിനില്ക്കും മലയുണ്ടേ

താഴ്വാരങ്ങളുമുണ്ടേ...

ചാടിനടക്കും പുഴയുണ്ട്

പൂമ്പാറ്റയുണ്ടേ...

പുഞ്ചിരിതൂകും മുത്തുകളായ്

പൂക്കൾ ചൊരിയുന്നേ...

ഓരോ തുള്ളികൾ വീണിട്ടില്ലേ

പുതുമഴയായി പെയ്യുന്നേ

നമ്മുടെ സ്വന്തം നാടാണേ...

കേരളം നമ്മുടെ അമ്മയാണേ...

മനോഹാരിതയുടെ ദേവിയാണേ...



# തോടും പുഴയും

# എൻ നാടും

ശരണ്യ ടി.എസ്

പുഴയും തോടും കളകളമൊഴുകും
എന്റെ നാടേ പ്രിയ നാടേ
പൂവും മരവും നിറഞ്ഞുനിൽക്കും
എന്റെ നാടേ പ്രിയ നാടേ
കടലും തിരയും ആഞ്ഞുവീശും
എന്റെ നാടേ പ്രിയ നാടേ
പൂവും കായും പൂത്തു നിൽക്കും
എന്റെ നാടേ പ്രിയ നാടേ
മഴയും വെയിലും തണുപ്പുമെല്ലാം
നിറഞ്ഞുനിൽക്കും എൻനാട്
എന്റെ നാടേ പ്രിയനാടേ
എന്റെ നാടേ പ്രിയനാടേ

## മാതൃഭാഷ

ശരണ്യ ടി.എസ്.

അമ്മതാൻ ആദ്യം പഠിപ്പിച്ചൊരക്ഷരം

അ തന്നെയാണീ ആദ്യാക്ഷരം

അ യെന്നൊരക്ഷരം കേൾക്കുമ്പോൾ എന്നു

ള്ളിൽ ആദ്യം വരുന്നതെൻ അമ്മയാണ്

മലയാളമെന്നതു മാതൃഭാഷ

മാതാവോ നമ്മുടെ സ്നേഹഭാഷ

കേരം നിറഞ്ഞൊരു കേര നാട്ടിൽ

സ്നേഹം നിറഞ്ഞൊരു മാതൃഭാഷ



# മിന്നുവിൻ്റെ അവധിക്കാലം

നിവേദ്യ കെ.ബി

***ഒരു സിറ്റിയിൽ മിന്നു എന്നൊരു കുട്ടിയുണ്ടായിരുന്നു.***

സിറ്റിയിൽ അവൾ കളിക്കാൻ
കൂട്ടുകാരൊന്നുമില്ലായിരുന്നു.
അവളുടെ അച്ഛനും അമ്മയ്ക്കും ജോലിയുള്ളതിനാൽ സ്കൂൾ
വിട്ടു വന്നാൽ അവൾ ഒറ്റയ്ക്കാണ് വീട്ടിലുണ്ടാവുക.
മിന്നുവിന് വേനലവധിക്ക് മുത്തച്ഛൻെറ വീട്ടിൽ
പോകണമെന്ന് ഒരാഗ്രഹം തോന്നി. അവളുടെ
മുത്തച്ഛൻെറ വീട് നാട്ടിൻ പുറത്താണ. അവൾ
അച്ഛനോടും അമ്മയോടും ഈ കാര്യം ചോദിച്ചു. അവർ
മിന്നുവിൻെറ നിർബന്ധത്തിനു വഴങ്ങി മുത്തച്ഛൻെറ
വീട്ടിൽ പോകാൻ തീരുമാനിച്ചു. ട്രെയിനിലിരുന്നു അവർ
നാട്ടിൻപുറത്തെത്തി. ട്രെയിനിലിരുന്ന് അവർ
നാട്ടിൻപുറത്തെ മുത്തച്ഛനേയും മുത്തച്ഛൻെറ
കുടുംബത്തേയും കൂട്ടുകാരെയും ഓർത്തു. മുത്തച്ഛൻെറ
വീട്ടിൽ ചെന്നിട്ട് അവൾ ഏറെ സമയം
കൂട്ടുകാരോടുമൊത്ത് ചെലവഴിച്ചു. അവൾ മുത്തച്ഛൻെറ
കൂടെ അവധിക്കാലം ആഘോഷിച്ചു മിന്നുവിന്
സിറ്റിയിലേക്ക് പോകേണ്ട സമയമായി. അവൾക്ക്
പോയേ തീരൂ മുത്തച്ഛനോടും കൂട്ടുകാരോടുമൊക്കെ
വിടപറഞ്ഞ് മിന്നു പോയി. അവൾ
സിറ്റിയിലെമനസ്സിൽ ഓടിയെത്തി. അവളുടെ
വീട്ടീലെത്തി. ഒരു ദിവസം അവൾ ഒറ്റയ്ക്കിരുന്നപ്പോൾ
മുത്തച്ഛനും കൂട്ടുകാരുമൊക്കെ അവളുടെ മനസ്സിൽ
ഓടിയെത്തി.